## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5947

08.07.2013 - ൽ
മറുപടിക്ക്

### ഇന്റർ നാഷണൽ കോക്കനെട്ട് ജെനറ്റിക് റിസോഴ്സസ് നെറ്റ്‌വർക്ക്

ചോദ്യം

ശ്രീ. കെ.എം. ഷാജി
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. സി. മോയിൻ കുട്ടി

മറുപടി

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) തെങ്ങുകളുടെ ജീനുകൾ സംരക്ഷിക്കാനുള്ള ഇന്റർ നാഷണൽ കോക്കനെട്ട് ജെനറ്റിക് റിസോഴ്സസ് നെറ്റ്‌വർക്കിൽ സംസ്ഥാന കാർഷിക ഗവേഷണ വിഭാഗങ്ങളുടെ പങ്കാളിത്തം എത്രത്തോളമുണ്ടെന്നതിന്റെ വിശദ വിവരം നൽകാമോ; | എ) തെങ്ങുകളുടെ ജീനുകളെ സംരക്ഷിക്കുന്നതിനു വേണ്ടി ഇന്റർനാഷണൽ കോക്കനെട്ട് ജനിറ്റിക്സ് റിസോഴ്സസ് നെറ്റ്‌വർക്കിൽ കാസർഗോഡ് പ്രവർത്തിക്കുന്ന സി.പി.സി.ആർ.ഐ. നല്ല പങ്കുവഹിക്കുന്നുണ്ട്. കാർഷിക സർവ്വകലാശാലയ്ക്ക് ഇതുവരെ ഈ നെറ്റ്‌വർക്കിൽ കാര്യമായ പങ്കാളിത്തം ലഭിച്ചിട്ടില്ല. എങ്കിലും എ.ഐ.സി.ആർ.പി. ഓൺ പാംസ് എന്ന ഏകോപിത ഗവേഷണ പരിപാടിയിൽ കാർഷിക സർവ്വകലാശാല ഉൾപ്പെട്ട് ഗവേഷണ പദ്ധതികൾ നടത്തുന്നുണ്ട്. |
| ബി) പ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ സൃഷ്ടിക്കാനുള്ള കോഗെന്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാന കാർഷിക ഗവേഷണ വിഭാഗം, സി.പി.സി.ആർ.ഐ., ഐ.സി.എ.ആർ. എന്നിവയുമായി സഹകരിച്ച് എന്തൊക്കെ പ്രവൃത്തികളിൽ ഭാഗഭാക്കാകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | ബി) കോഗെന്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സി.പി.സി.ആർ.ഐ., ഐ.സി.എ.ആർ. എന്നിവയുമായി സഹകരിച്ച് താഴെപ്പറയുന്ന ഗവേഷണ പദ്ധതികൾ നടക്കുന്നു.<br>1) തെങ്ങുകളുടെ ജനിതക സംരക്ഷണം.<br>2) സങ്കരയിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഗവേഷണം.<br>3) നല്ല നാടൻ ഇനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഗവേഷണം. |
| സി) തെങ്ങിൻ തൈകളുടെ സംരക്ഷണത്തിന് ചകിരി ഉപയോഗിച്ചുള്ള കൊക്കോടീമാറ്റിന്റെ ഗവേഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ഏതവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ ? | സി) കൊക്കോടീമാറ്റിന്റെ ഗവേഷണ നിരീക്ഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ നടക്കുന്നില്ല. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ